5577
LS73117

GOVERNMENT OF KERALA

ABSTRACT

Vigilance Department – Amendment of Kerala Lok Ayukta/ Upa Lok Ayukta (Conditions of Service) Rules, 1999 - Extending benefits of family pension to the spouse of Lok Ayukta/Upa Lok Ayukta- Sanctioned- Orders issued.

VIGILANCE (C) DEPARTMENT

G.O. (Ms) No. 6/2017/Vig Dated,Thiruvananthapuram 14/03 /2017

Read:- 1) GO(P) No. 46/99/Vig, dated 17-05-1999.
2) GO(P) No. 48/2006/Vig, dated 05-11-2006.
3) GO(P) No. 4/2013/Vig, dated 31-01-2013.
4) Letter No. PM/1/Lok Ayukta/264203/694, dated 25/09/15 from the Principal Accountant General(A&E), Thiruvananthapuram.

## ORDER

As per the Government Order read as 1st paper above, Lok Ayukta and Upa Lok Ayuktas were sanctioned annual pension @ ₹ 14,630/- for one completed year of service as Lok Ayukta and @ ₹ 11,150/- for one completed year of service as Upa Lok Ayukta. Subsequently vide Government Order read as 3rd paper above, the annual pension of Lok Ayukta and Upa Lok Ayuktas was enhanced to ₹ 43,890/- and ₹ 34,350/- respectively for each completed year of service with effect from 01/01/2006. A ceiling in the pension was also ordered and it was specified that the ceiling is applicable only to persons appointed on or after 06/02/13. But these orders had not mentioned anything about the family pension to be paid to the spouse of Lok Ayukta/Upa Lok Ayukta.

2. The Accountant General(A&E), Kerala in his letter read as 4th paper above has sought clarification as to whether spouses of Lok Ayukta/ Upa Lok Ayukta are eligible for family pension as and when occasion arises and asked the State Government to specify the rates to be paid as family pension.

3. Government have examined the matter in detail and are pleased to extend the benefit of family pension to the spouse of Lok Ayukta/Upa Lok Ayukta

where a Lok Ayukta/Upa Lok Ayukta who being in service or on pension after the commencement of Kerala Lok Ayukta and Upa Lok Ayukta (Conditions of Service)Rules 1999, dies, whether before or after retirement,family pension calculated at the rate of 50% of his salary on the date of his death shall be payable to the person or persons entitled thereto amending the Kerala Lok Ayukta (Conditions of Service)Rules 1999. The amount so payable shall be paid from the date following the date of death of the Judge for a period of 7 years or for a period up to the date on which the Judge would have attained the age of 65 years, had he survived, whichever is earlier, and thereafter, at the rate of 30% of his salary, provided that in no case the amount of family pension calculated under this sub-section shall exceed the pension payable to the Judge by amending the Kerala Lok Ayukta (Conditions of Service) Rules 1999.

4. Necessary notification amending the Kerala Lok Ayukta and Upa Lok Ayukta (Conditions of Service) Rules 1999 to the above effect will be issued separately.

(By Order of the Governor)
NALINI NETTO
**Additional Chief Secretary**

To

The Registrar, Kerala Lok Ayukta.
The Registrar, Subordinate Judiciary (High Court of Kerala), Ernakulam *(with covering letter)*
The Principal Accountant General (Audit), Kerala, TVPM.
The Accountant General (A&E), Kerala, Thiruvananthapuram.
The GA(SC) Department*(vide item No. 775, dated 08/03/17)*.
The Web & New Media.
The Stock File/Office Copy.

Forwarded/By Order
Rashmi J.
Section Officer

45

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 08-03-2017.

ഫയൽ നം.11967/സി3/2015/വിജി. ഇനം നം: 775

64) വിഷയം : വിജിലൻസ് വകുപ്പ് - കേരള ലോകായുക്ത/ഉപലോകായുക്ത എന്നിവരുടെ പങ്കാളിക്ക് കുടുംബ പെൻഷൻ അനുവദിച്ചു കൊണ്ട് Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999-ൽ ഭേദഗതി വരുത്തുന്നത്.

65) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

09/03
SO(C)
Issue G.O
10/3
10/3

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 11967/സി3/2015/വി.ജി |
| 2. | വകുപ്പ് | : വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | : വിജിലൻസ് വകുപ്പ്- കേരള ലോകായുക്ത/ ഉപലോകായുക്ത എന്നിവരുടെ പങ്കാളിക്ക് കുടുംബപെൻഷൻ അനുവദിച്ച് കൊണ്ട് Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999ൽ ഭേദഗതി വരുത്തുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07/02/17 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. എ. ജയിംസ് രാജ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. നളിനി നെറ്റോ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/02/2017 |
| 10. | കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. എസ്.എം. വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18/02/2017 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : 23/02/2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 03/03/2017 |
| 15. | മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ലോകായുക്ത/ഉപലോകായുക്ത എന്നിവരുടെ പങ്കാളിക്ക് കുടുംബപെൻഷൻ അനുവദിച്ചു കൊണ്ട് Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ഭേദഗതി വരുത്തുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 17/05/99 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 46/99/വിജി ഉത്തരവ് പ്രകാരം കേരള ലോകായുക്തയുടെയും ഉപലോകായുക്തയുടെയും വാർഷിക പെൻഷൻ ലോകായുക്തക്ക് ഒരു വർഷത്തെ സേവനത്തിന് 14,630 രൂപ നിരക്കിലും ഉപലോകായുക്തക്ക് 11,150 രൂപ നിരക്കിലും അനുവദിക്കുകയുണ്ടായി. അതിനെതുടർന്ന്, 31/01/13 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 04/13/വിജി ഉത്തരവ് പ്രകാരം ലോകായുക്തയുടെയും ഉപലോകായുക്തയുടെയും വാർഷിക പെൻഷൻ 01/01/06 തീയതി മുതൽ യഥാക്രമം 43,890/- രൂപയും 34,350/- രൂപയുമാക്കി വർദ്ധിപ്പിച്ചു. ആയത് 06/02/13 നോ അതിന് ശേഷമോ നിയമിക്കപ്പെടുന്നവർക്ക് മാത്രം ബാധകമാണെന്ന ഒരു പരിധി കൂടി നിശ്ചയിക്കുകയുണ്ടായി. പക്ഷേ ഈ ഉത്തരവുകളിലൊന്നും തന്നെ ലോകായുക്തയുടെയും ഉപലോകായുക്തയുടെയും കുടുംബാംഗങ്ങൾക്കുള്ള കുടുംബ പെൻഷന്റെ കാര്യം പ്രതിപാദിച്ചിട്ടുണ്ടായിരുന്നില്ല.

3. 25/09/15 ലെ കത്ത് പ്രകാരം അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള ലോകായുക്തയുടെയും ഉപലോകായുക്തയുടെയും പങ്കാളിക്ക് കുടുംബ പെൻഷന് അർഹതയുണ്ടോ എന്നത് സംബന്ധിച്ചും ആയതിന്റെ നിരക്ക് സംബന്ധിച്ചുമുള്ള സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.

4. ആയതിനെ തുടർന്ന് ധനകാര്യ വകുപ്പിനോട് അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

*Finance would suggest to extend the benefit of Family Pension to the spouse of Lok Ayukta/Upa Lok Ayukta, where a Lok Ayukta/Upa Lok Ayukta who being in service or on pension after the commencement of KLA and Upa Lok Ayukta (Conditions and Services)Rules 1999, dies, whether before or after retirement family pension calculated at the rate of 50% of his salary on the date of his death shall be payable to the person or persons*

*entitled thereto and the amount so payable shall be paid from the date following the date of death of the judge for a period of 7 years or for a period up to the date on which the Judge would have attained the age of 65 years, had he survived whichever is earlier, and thereafter at the rate of 30% of his salary, provided that in no case the amount of family pension calculated under this sub-section shall exceed the pension payable to the Judge.*

5. ഈ സാഹചര്യത്തിൽ Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 നിയമം നിലവിൽ വന്നതിന് ശേഷം സർവ്വീസിലിരിക്കെയോ വിരമിച്ചതിന് ശേഷമോ ലോകായുക്തയോ ഉപലോകായുക്തയോ മരണപ്പെട്ടാൽ മരണപ്പെട്ട ദിവസത്തെ ശമ്പളത്തിന്റെ 50% എന്ന നിരക്കിൽ കുടുംബപെൻഷൻ പങ്കാളിക്ക് നൽകണം എന്നുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോട്ട കൂടി കേരള ലോകായുക്ത (Conditions of Service) Rules 1999 ഭേദഗതി വരുത്തി ഉത്തരവാകാൻ തീരുമാനിച്ചു.

6. ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 04/01/17 ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും വിഷയം ചീഫ് സെക്രട്ടറി പരിശോധിച്ച് മന്ത്രിസഭാ യോഗം മുൻപാകെ വീണ്ടും കൊണ്ടുവരേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

7. ആയതനുസരിച്ച് ചീഫ് സെക്രട്ടറി വിഷയം പരിശോധിക്കുകയും താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി :-

*"As per The Kerala Lok Ayukta Act,1999 Lok Ayukta and Upa Lok Ayuktas are either Retired Chief Justices of High Courts or sitting Judges/Retired Judges of High Courts. They are entitled for annual pensions for their service as Lok Ayukta/Upa Lok Ayukta <u>in addition to the pension which they are getting at the time of joining in Lok Ayukta,</u> vide SRO notification No. 429/99 dated 17/05/1999. Hence as recommended by Finance Department and as pointed out in the Cabinet Note, the Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 may be amended by incorporating the provisions for extending the benefit of family pension to the spouse of Lok Ayukta/Upa Lok*

*Ayukta- This will also be an additionality. May be placed in the cabinet again with this clarification".*

8. ഈ സാഹചര്യത്തിൽ Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 നിയമം നിലവിൽ വന്നതിന് ശേഷം ലോകായുക്ത/ ഉപലോകായുക്ത സർവ്വീസിലിരിക്കെയോ വിരമിച്ചതിന് ശേഷമോ ലോകായുക്തയോ ഉപലോകായുക്തയോ മരണപ്പെട്ടാൽ മരണപ്പെട്ട ദിവസത്തെ ശമ്പളത്തിന്റെ 50% എന്ന നിരക്കിൽ കുടുംബപെൻഷൻ പങ്കാളിക്ക് നൽകണം എന്നും അങ്ങനെ നൽകുന്ന ശമ്പളം മരണപ്പെട്ട ദിവസത്തിന് തൊട്ടടുത്ത ദിവസം മുതൽ 7 വർഷക്കാലയളവിലേക്കോ ജഡ്ജിന് 65 വയസ്സ് തികയുമായിരുന്നതു വരെയോ ഏതാണോ ആദ്യം അതുവരെയും ആയതിന് ശേഷം ആ ജഡ്ജിന്റെ ശമ്പളത്തിന്റെ 30% എന്ന നിരക്കിലും എന്നാൽ ഒരു കാരണവശാലും ഇങ്ങനെ കണക്കാക്കുന്ന കുടുംബപെൻഷൻ ജഡ്ജിന് കിട്ടികൊണ്ടിരുന്ന പെൻഷനിൽ നിന്ന് കൂടാൻ പാടില്ല എന്നത് സംബന്ധിച്ചും വ്യവസ്ഥ ചെയ്തു കൊണ്ട് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടു കൂടി കേരള ലോകായുകത (Conditions of Service) Rules 1999 ഭേദഗതി വരുത്താവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

കേരള ലോകായുക്ത/ഉപലോകായുക്ത എന്നിവരുടെ പങ്കാളിക്ക് കുടുംബപെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ച് കൊണ്ട് Kerala Lok Ayukta/Upa Lok Ayukta(Conditions of Service) Rules 1999 ഭേദഗതി വരുത്താവുന്നതാണോ?